LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) നോർഡിക് രാജ്യങ്ങളായ ഫിൻലാൻഡ്, നോർവേ, ഡെൻമാർക്ക്, സ്വീഡൻ എന്നീ രാജ്യങ്ങളിലേതിന് തുല്യമായ നിലയിൽ 'സുസ്ഥിര അഭിവൃദ്ധി' (sustainable prosperity) കൈവരിക്കുകയാണ് പദ്ധതി പരിപ്രേക്ഷ്യ 2030-ന്റെ ദൗത്യം (mission). സുസ്ഥിര അഭിവൃദ്ധിക്ക് നാല് മാനങ്ങളുണ്ട്-സാമ്പത്തിക അഭിവൃദ്ധി, മാനവിക അഭിവൃദ്ധി, സാമൂഹിക അഭിവൃദ്ധി, ഹരിത സുസ്ഥിരത. കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങളുടെ സംക്ഷിപ്തം അനുബന്ധമായി നൽകിയിട്ടുണ്ട്.*

(സി) ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് ഇക്കണോമിക് റിസർച്ച് എന്ന സ്ഥാപനത്തിന്റെ സാങ്കേതിക സഹായത്തോടുകൂടി സംസ്ഥാന ആസൂത്രണ ബോർഡാണ് പദ്ധതി പരിപ്രേക്ഷ്യ 2030 തയ്യാറാക്കിയത്.

(ഡി) കൃഷി അനുബന്ധ മേഖലകൾ, വ്യവസായം, ഗതാഗതം, വിദ്യാഭ്യാസം, ആരോഗ്യം, പരിസ്ഥിതി, ഗ്രാമ-നഗര വികസനം, വിവരസാങ്കേതികവിദ്യ, വിനോദസഞ്ചാരം, ജലവിഭവം, ശാസ്ത്രസാങ്കേതികം, ഊർജ്ജം, തൊഴിലവസരസൃഷ്ടി, പ്രവാസികളും കുടിയേറ്റവും, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ വികസനം തുടങ്ങിയ മേഖലകൾക്ക് റിപ്പോർട്ടിൽ മുൻതൂക്കം നൽകിയിട്ടുണ്ട്.

പാൽ ഉല്പാദനം

80 (3047) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ വിശദമാക്കുമോ ;

(സി) പദ്ധതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സംസ്ഥാനത്ത് കാലിസമ്പത്ത് വർദ്ധിപ്പിക്കുകവഴി പാലുല്പാദനത്തിൽ വർദ്ധനവ് വരുത്താൻ ഉദ്ദേശിച്ചുകൊണ്ട് വകുപ്പ് എം.എസ്.ഡി.പി. പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കിവരുന്നുണ്ട്. ഡയറി യൂണിറ്റുകൾ തുടങ്ങുന്നതിന് സബ്സിഡി, മിൽക്കിംഗ് മെഷീൻ, കാലിത്തൊഴുത്ത് നിർമ്മാണം എന്നിവയ്ക്ക് സബ്സിഡി തുടങ്ങിയവയ്ക്ക് പുറമെ ആവശ്യാധിഷ്ഠിത ധനസഹായവും കർഷകർക്ക് ഈ പദ്ധതി പ്രകാരം അനുവദിക്കുന്നു. കൂടാതെ മിൽമയുടെ മേഖലാ യൂണിയനുകൾ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വന്തം ഫണ്ട് ഉപയോഗിച്ചും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ധനസഹായത്തോടുകൂടിയും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

പാലിന്റെ ഉല്പാദനം, ഗുണനിലവാരം, വിപണനം എന്നിവ വർദ്ധിപ്പിക്കുക, കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിറ്റഴിച്ച് കർഷകർക്ക് പരമാവധി വിലയും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുക, പാലിന്റെ സംസ്കരണശേഷി വർദ്ധിപ്പിക്കുക, ക്ഷീരോല്പാദന മേഖലകളിൽ കർഷകരെ നിലനിർത്തുകയും സംസ്ഥാന പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയും ചെയ്യുക എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ക്ഷീര കർഷകർക്ക് കാലിത്തീറ്റയ്ക്ക് സബ്സിഡിയും നൽകുന്നുണ്ട്. ഈ വർഷം ഈയിനത്തിൽ ഏകദേശം 10 കോടി രൂപയോളം നൽകിയിട്ടുണ്ട്.

തിരുവനന്തപുരം മേഖലാ യൂണിയൻ മിനി ഡയറി പദ്ധതി, കിടാരികളുടെ ദത്തെടുക്കൽ പദ്ധതി, കാലിത്തീറ്റ സബ്സിഡി, പശുക്കളെ വാങ്ങുന്നതിനുള്ള റിവോൾവിംഗ് ഫണ്ട്, മൃഗചികിത്സാ സഹായം, കർഷകർക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ്, ഉല്പാദന വർദ്ധനവിനുവേണ്ട വിരമരുന്നും മറ്റ് ഉല്പന്നങ്ങളും നൽകുക, NDP-I പ്രകാരം റേഷൻ ബാലൻസിംഗ് പ്രോഗ്രാം (RBP), Village Based Milk Procurement System (VBMPS) എന്നീ പദ്ധതികളും എറണാകുളം മേഖലാ യൂണിയൻ വേനൽക്കാല അധികവില, പശുക്കളെ വാങ്ങുന്നതിനുള്ള ലോണിനു പലിശ സബ്സിഡി, സബ്സിഡി നിരക്കിൽ വയ്ക്കോൽ വിതരണം, തൊഴുത്ത് പണിയുന്നതിനുവേണ്ടി സാമ്പത്തിക സഹായം, കന്നുകാലി ഇൻഷ്വറൻസ് സബ്സിഡി, കിടാരി വളർത്തലിന് 50% നിരക്കിൽ കാലിത്തീറ്റ, ഫാമുകൾക്ക് ട്രാൻസ്പോർട്ടേഷൻ സബ്സിഡി, പട്ടികജാതി വനിതകൾക്ക് കിടാരി വളർത്തൽ യൂണിറ്റ്, കർഷകർക്ക് പാൽപാത്രങ്ങളും ക്ലീനിംഗിനുള്ള രാസവസ്തുക്കളും നൽകുക, സംഘങ്ങൾക്ക് പാൽ ക്യാനുകളും ടെസ്റ്റിംഗ് ഉപകരണങ്ങളും നൽകുക, സംഘങ്ങൾക്ക് ഇൻസെന്റീവ്, സംഘങ്ങൾക്ക് ക്യാനുകൾ, സെൻട്രിഫ്യൂജ് എന്നിവ വാങ്ങുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

സബ്സിഡി, കർഷകർക്കും സംഘം ജീവനക്കാർക്കും പരിശീലന പരിപാടി, കറവയന്ത്രം വാങ്ങുന്നതിന് സാമ്പത്തിക സഹായം, NDP-I പ്രകാരം റേഷൻ ബാലൻസിംഗ് പ്രോഗ്രാം (RBP), Village Based Milk Procurement System (VBMPS) എന്നീ പദ്ധതികളും മലബാർ മേഖലാ യൂണിയൻ കിടാരികളുടെ ദത്തെടുക്കൽ പദ്ധതി, ഉല്പാദന വർദ്ധനവിനുവേണ്ട വിരമരുന്നും മറ്റ് ഉല്പന്നങ്ങളും നൽകുക, പട്ടികജാതി വനിതകൾക്കായുള്ള കിടാരി വളർത്തൽ യൂണിറ്റ്, മിനി ഡയറി യൂണിറ്റുകൾക്ക് ഫാം സപ്പോർട്ട് പദ്ധതി, ബദൽ തീറ്റ വസ്തുക്കളുടെ വിതരണം, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണ സബ്സിഡി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പശുക്കളെയും കിടാരികളെയും ദത്തെടുക്കൽ പദ്ധതി, NDP-I പ്രകാരം റേഷൻ ബാലൻസിംഗ് പ്രോഗ്രാം (RBP), Village Based Milk Procurement System (VBMPS) എന്നിവ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി നടപ്പിലാക്കിവരുന്നു.

(സി) നടപ്പു സാമ്പത്തിക വർഷം 1888 ലക്ഷം രൂപ എം.എസ്.ഡി.പി. പദ്ധതിക്കായി ലഭിച്ചത് ജില്ലകൾക്ക് ടാർജറ്റ് അനുസരിച്ച് വീതിച്ചു നൽകി പദ്ധതി നടപ്പാക്കിവരുന്നു. കൂടാതെ ഇന്റഗ്രേറ്റഡ് ഡയറി ഡവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ എം.എസ്.ഡി.പി. പദ്ധതി ഘടകങ്ങൾ നടപ്പാക്കുന്നതിനായി ലഭിച്ച 700 ലക്ഷം രൂപ പ്രസ്തുത രണ്ട് ജില്ലകൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം പൂർത്തീകരണ ഘട്ടത്തിലാണ്. ക്ഷീരോല്പന്ന സാദ്ധ്യത കൂടുതലുള്ള ഗ്രാമങ്ങളായ എറണാകുളം ജില്ലയിലെ കന്നുകര, കണ്ണൂർ ജില്ലയിലെ പൊട്ടംപ്ലാവ് തുടങ്ങിയവ തെരഞ്ഞെടുത്ത് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മിൽമയുടെ മേഖലാ യൂണിയനുകൾ നടപ്പിലാക്കുന്ന പദ്ധതികളിൽ സ്വന്തം ഫണ്ടുപയോഗിച്ച് ചെയ്യേണ്ട പദ്ധതികൾക്ക് യൂണിയനുകളുടെ ബഡ്ജറ്റുകളിൽ തുക വകയിരുത്തി ചെലവഴിക്കുന്നുണ്ട്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സഹായത്തോടുകൂടി ചെയ്യുന്ന പദ്ധതികൾ അനുമതി ഉത്തരവിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായി നടപ്പിലാക്കിവരുന്നു.

ക്ഷീരസംഘം ജീവനക്കാരുടെ ശമ്പളപരിഷ്കരണം

81 (3048) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരസംഘം ജീവനക്കാരുടെ വേതനത്തിന്റെ ഘടന തസ്തിക തിരിച്ച് വെളിപ്പെടുത്തുമോ ;